**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2959** **21.08.2017 ൽ മറുപടിയ്ക്ക്**

**നേമം നിയോജക മണ്ഡലത്തിലെ തരിശു ഭൂമിയിൽ പച്ചക്കറി കൃഷി**

| ചോദ്യം<br>ശ്രീ.ഒ. രാജഗോപാൽ | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| നേമം മണ്ഡലത്തിലെ തരിശു ഭൂമി പച്ചക്കറി കൃഷിക്ക് ഉപയുക്തമാക്കുന്നതിന് സർക്കാർ തലത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | തരിശുനിലത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി ഒരു ഹെക്ടറിന് ആകെ 30,000/- രൂപ ധനസഹായം നൽകുന്നു. ഇതിൽ 25,000/- രൂപ കർഷകനും 5,000/- രൂപ ഭൂവുടമസ്ഥനുമാണ് നൽകുന്നത്. നടപ്പു വർഷം 1,000 ഹെക്ടർ തരിശുനിലത്ത് പച്ചക്കറി കൃഷി ചെയ്യുവാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>നേമം നിയോജക മണ്ഡലത്തിൽ തരിശു ഭൂമിയിൽ കൃഷി ചെയ്യുന്നതിനായി പച്ചക്കറി വികസന പദ്ധതി 2017-18- ൽ ഉൾപ്പെടുത്തി 3 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനു വേണ്ടി 90,000/- രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ നേമം കൃഷി ഭവന്റെ പരിധിയിൽ 1 ഹെക്ടർ സ്ഥലത്തും സിറ്റി കോർപ്പറേഷൻ കൃഷി ഭവന്റെ പരിധിയിൽ 1 ഹെക്ടർ സ്ഥലത്തും തിരുവല്ലം കൃഷി ഭവന്റെ പരിധിയിൽ 1 ഹെക്ടർ സ്ഥലത്തും കൃഷി ഓഫീസർമാരുടെ മേൽനോട്ടത്തിൽ പച്ചക്കറി കൃഷി നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. |

**സെക്ഷൻ ഓഫീസർ**